DESPATCHED
On.7/6/22....



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 185(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.2913/SIC-Gen4/2022**

(ഉത്തരവുകൾ **sic.kerala.gov.in** -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 3

ശ്രീ. കെ. കൃഷ്ണകുമാർ,
അരശ്ശേരിൽ,
വഴുതാനം, പള്ളിപ്പാട്,
ആലപ്പുഴ – 690512. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   തിരുവിതാംകൂർ ദേവസ്വം ബോർഡ്,
   ദേവസ്വം ബോർഡ് ഹെഡ് ക്വാർട്ടേഴ്സ്,
   നന്ദൻകോട്, കവടിയാർ, തിരുവനന്തപുരം-695 003.
2. അപ്പീൽ അധികാരി &
   സെക്രട്ടറി,
   തിരുവിതാംകൂർ ദേവസ്വം ബോർഡ്,
   ദേവസ്വം ബോർഡ് ഹെഡ് ക്വാർട്ടേഴ്സ്,
   നന്ദൻകോട്, കവടിയാർ, തിരുവനന്തപുരം-695 003

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 29.12.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.01.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 24.01.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 28.01.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.1.2022, 14.2.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 28.1.2022, 16.2.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 3.3.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 11.3.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 4.5.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. കെ. കൃഷ്ണകുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച

അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ മൂന്നാം കക്ഷി വിവരമാണെന്നും ആയത് നൽകാൻ സാധിക്കുകയില്ലെന്ന മറുപടിയാണ് ലഭിച്ചതെന്നും തുടർന്ന് നൽകിയ അപ്പീൽ ഹർജിയ്ക്കും എസ്.പി.ഐ.ഒ നൽകിയ മറുപടി ശരിവയ്ക്കുകയാണ് ഉണ്ടായതെന്നും ആയതിനാൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 29.12.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഹരിപ്പാട് ഗ്രൂപ്പിലെ മണിമംഗലം സബ് ഗ്രൂപ്പിൽപ്പെട്ട വഴുതാനം ദേവസ്വം കാരായ്മ ശാന്തി ശ്രീ. കെ.എൻ. മനോജിനെതിരെയുള്ള വിജിലൻസ് നടപടി സംബന്ധിച്ച് താഴെ പറയുന്ന പകർപ്പുകൾ ലഭ്യമാക്കി നൽകണമെന്നാണ് :

1) വിജിലൻസ് റിപ്പോർട്ട് നമ്പർ DP/126/20/TDB/VIG തീയതി 18/08/2021 പ്രകാരം ടിയാനെതിരെ നടപടി ശുപാർശ ചെയ്ത് വിജിലൻസ് സൂപ്രണ്ടിന്റെ കത്ത് ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും

2) മേൽപ്പടി ശുപാർശയിൽ ടിയാനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നും ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് വിവരാവകാശ നിയമം 8(1)(ജി) പ്രകാരം വിവരം നിഷേധിച്ച് 12.1.2022-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 24.01.2022-ന് നൽകിയ അപ്പീൽ തീർപ്പാക്കി 28.01.2022-ന് പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷ മൂന്നാം കക്ഷി വിവരമാകയാലും പ്രസ്തുത അപേക്ഷയിൽ വ്യക്തമായ പൊതു താത്പര്യം കണ്ടെത്തുവാൻ എസ്.പി.ഐ.ഒയ്ക്ക് സാധിക്കാത്തതിനാലും വിവരാവകാശ നിയമ പ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഉപയോഗിച്ച് വ്യക്തിഹത്യ നടത്തുകയാണെങ്കിൽ ആയത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും എന്നുള്ളതിനാലും ആണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വെളിപ്പെടുത്താതിരുന്നിട്ടുള്ളത് ആയത് ബോദ്ധ്യപ്പെടുത്തി വിവരാവകാശ അപേക്ഷയ്ക്ക് തീർപ്പ് കൽപ്പിച്ച് നൽകിയിട്ടുള്ളതിൽ നിന്നും വിഭിന്നമായി കൂടുതൽ വിവരങ്ങൾ ഒന്നും തന്നെ നൽകുവാനില്ലെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ഹരിപ്പാട് ഗ്രൂപ്പിലെ മണിമംഗലം ദേവസ്വം കാരായ്മ ശാന്തി ശ്രീ. കെ.എൻ. മനോജിനെതിരെയുള്ള വിജിലൻസ് നടപടികൾ സംബന്ധിച്ചുള്ള രേഖകളുടെ പകർപ്പാണെന്നും ആയത് വിവരാവകാശ നിയമത്തിലെ സെക്ഷൻ 11 പ്രകാരം മൂന്നാം കക്ഷി വിവരമായതിനാൽ സെക്ഷൻ 11 ( 1 ) പ്രകാരം മൂന്നാം കക്ഷിയ്ക്ക് എസ്.പി.ഐ.ഒ നോട്ടീസ് അയക്കുകയും ടി നോട്ടീസിന് മൂന്നാം കക്ഷി രേഖാമൂലം മറുപടി നൽകുകയും ചെയ്തിട്ടുള്ളതാണെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സെക്ഷൻ 11 (1) പ്രകാരം സ്വീകരിച്ച തുടർ നടപടി സംബന്ധിച്ചുള്ള വിവരം എസ്.പി.ഐ.ഒ അറിയിച്ചിട്ടുള്ളതാണെന്നും തുടർന്ന് മൂന്നാം കക്ഷിയായ ശ്രീ. മനോജും ഹർജിക്കാരനും തമ്മിലുള്ള പോലീസ്

കേസിന്റെയും കോടതി നടപടികളുടെയും രേഖകൾ സഹിതം എസ്.പി.ഐ.ഒയ്ക്ക് നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പട്ട വിവരങ്ങൾ വിവരാവകാശ നിയമത്തിലെ സെക്ഷൻ 8(1) (ജെ) വകുപ്പു പ്രകാരം വെളിപ്പെടുത്തുവാൻ സാധിക്കുന്നതല്ല എന്ന് എസ്.പി.ഐ.ഒ ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്.

5. വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ട ശ്രീ. കെ. എൻ. മനോജിനെതിരെയുള്ള വിജിലൻസ് നടപടി സംബന്ധിച്ചുള്ള എൻക്വയറി/അച്ചടക്ക നടപടി തുടങ്ങിയവയുമായി ബന്ധപ്പെട്ട വിവരം എന്തുകൊണ്ട് ഹർജിക്കാരന് നൽകികൂടാ എന്നത് സംബന്ധിച്ച് അപ്പീൽ അധികാരി ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ കെ.കൃഷ്ണകുമാർ ടി ദേവസ്വത്തിലെ കാരാൺമ ശാന്തി ശ്രീ. മനോജിനെ അകാരണമായി മർദ്ദിച്ചതിനും, ക്ഷേത്ര തിടപ്പള്ളി പൂട്ടി താക്കോൽ കൊണ്ടുപോയതിനും, ദേവസ്വം ആറാം നമ്പർ രസീത് അനധികൃതമായി എടുത്തുകൊണ്ടുപോയതിനും, ക്ഷേത്രാചാരലംഘനം നടത്തിയതിനും ക്ഷേത്രത്തിലെ മരാമത്ത് പണികളുടെ പേരിൽ സാമ്പത്തികാപഹരണം നടത്തിയതിനും, ക്ഷേത്ര കമ്മറ്റിയിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെട്ട് ദേവസ്വം ബോർഡ് കരിമ്പട്ടികയിൽപെടുത്തിയിട്ടുള്ള വ്യക്തിയാണെന്നും ഹർജിക്കാരനും കാരാൺമ ശാന്തി ശ്രീ. മനോജും തമ്മിൽ നിരന്തരം വ്യക്തിപരമായ വിഷയങ്ങൾ ദേവസ്വത്തിൽ വച്ചും പുറത്തു വച്ചും ഉണ്ടായിട്ടുള്ളതും ഇത് സംബന്ധിച്ച് ശ്രീ. മനോജിന്റെ പരാതിയിന്മേൽ ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണെന്നും മാത്രവുമല്ല ഹർജിക്കാരൻ കേരള ഹൈക്കോടതിയിൽ നിന്നും 5652/2018 പ്രകാരം ജാമ്യം എടുത്തിട്ടുള്ള വ്യക്തിയാണെന്നും ആയതിനുശേഷം ഹർജിക്കാരന് ശ്രീ. മനോജിനോടുള്ള വ്യക്തി വൈരാഗ്യം അധികരിച്ചതു നിമിത്തം ടിയാൻ നേരിട്ടും ടിയാന്റെ സ്വാധീനത്തിലുള്ള മറ്റ് ആൾക്കാർ വഴിയും ദേവസ്വം ഡിപ്പാർട്ട്മെന്റിലും ദേവസ്വം ഓംബുഡ്സ്മാൻ മുമ്പാകെയും ശ്രീ. മനോജിനെതിരായും മറ്റ് ജീവനക്കാർക്ക് എതിരായും നിരവധി പരാതികൾ നിരന്തരം നൽകി വരികയാണെന്നും കൂടാതെ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ശ്രീ. മനോജിനെ പറ്റിയുള്ള വിവരങ്ങൾ നിരന്തരം ശേഖരിക്കുകയും ആയത് ദുരുപയോഗം ചെയ്ത് സമൂഹമദ്ധ്യത്തിൽ ശ്രീ. മനോജിനെ അപഹാസ്യനാക്കുവാനുള്ള ശ്രമങ്ങൾ നടത്തി വരികയുമാണെന്ന് ശ്രീ. മനോജ് ആരോപിച്ചിട്ടുള്ളതാണെന്നും വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ട് 29.12.2021-ൽ ശ്രീ. കൃഷ്ണകുമാർ ബോർഡാഫീസിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ പരാമർശിച്ച വിജിലൻസ് റിപ്പോർട്ട് ശ്രീ. ഗംഗാധരൻ എന്ന ഒരു വ്യക്തി ശ്രീ. മനോജിനെതിരായി ഓംബുഡ്സ്മാൻ അവർകൾ മുമ്പാകെ സമർപ്പിച്ച ഒരു പരാതിയിന്മേൽ ഓംബുഡ്സ്മാൻ അവർകൾ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) 18.8.2021-ൽ ഡിപി/126/20/ടിഡിബി/വിജി നമ്പരായി സമർപ്പിച്ച അന്വേഷണ റിപ്പോർട്ടാണെന്നും എന്നാൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യണമെന്ന് 2.9.2021-ൽ ദേവസ്വം കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിന്മേൽ തുടർ നടപടി വിവരം ബോർഡാഫീസിൽ ലഭ്യമായിട്ടില്ലാത്തതുമാണെന്നും ശ്രീ. കൃഷ്ണകുമാർ എന്ന വ്യക്തിയെ ദേവസം ഡിപ്പാർട്ട്മെന്റിൽ നിന്നും കരിമ്പട്ടികയിൽപെടുത്തി ഉപദേശക സമിതിയിൽ നിന്നും സ്ഥിരമായി നീക്കം ചെയ്തിട്ടുള്ളതിനാലും, ഇതിനു മുമ്പും പല പ്രാവശ്യം ശ്രീ. കൃഷ്ണകുമാർ ശ്രീ. മനോജിനെതിരൊയി വിവരാവകാശ നിയമ പ്രകരാം രേഖകൾ സമ്പാദിച്ച് ആയത് ദുരുപയോഗം ചെയ്ത് ശ്രീ. മനോജിനെ

തേജോവധം ചെയ്യുവാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുള്ളതായി ആരോപണം നിലനിൽക്കുന്നതിനാലുമാണ് 29.12.2021–ലെ ശ്രീ. കൃഷ്ണകുമാറിന്റെ അപേക്ഷയിൽ പരാമർശിച്ച വിജിലൻസ് റിപ്പോർട്ടും തുടർ നടപടിയും ശ്രീ. ഗംഗാധരൻ എന്ന വ്യക്തി നൽകിയ പരാതിയിന്മേലുള്ള റിപ്പോർട്ട് ആയതിനാലുമാണ് ശ്രീ. കൃഷ്ണകുമാറിന്റെ അപേക്ഷയിൽ വിവരാവകാശ നിയമത്തിലെ സെക്ഷൻ 11–ൽ ഉൾപ്പെടുന്നതാണെന്നുള്ള കാഴ്ചപ്പാടിൽ സെക്ഷൻ 11(1) പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് എസ്.പി.ഐ.ഒ അറിയിച്ചിട്ടുള്ളതെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട 18.8.2021–ലെ DP/126/20/TDB/VIG നമ്പർ റിപ്പോർട്ട് പ്രകാരം ശുപാർശ ചെയ്ത ശ്രീ. കെ. എൻ. മനോജിനെതിരെയുള്ള നടപടി അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ ടി റിപ്പോർട്ടിന്റെ പകർപ്പും എന്തു നടപടിയാണ് സ്വീകരിച്ചതെന്നുമുള്ള വിവരവും എതിർകക്ഷികൾ ഹർജിക്കാരന് നൽകേണ്ടതാണ്. എന്നാൽ അപ്രകാരം രേഖകൾ നൽകുമ്പോൾ ആയത് യാതൊരു തരത്തിലും വ്യക്തി വൈരാഗ്യം തീർക്കുന്നതിനോ ആയത് ദുരുപയോഗം ചെയ്ത് സമൂഹമധ്യത്തിൽ ശ്രീ. മനോജിനെ അപഹാസ്യനാക്കാനുള്ള യാതൊരു പ്രവർത്തിയും ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടാവില്ലെന്ന് ഒരു സാക്ഷ്യപത്രം ഹർജിക്കാരനായ ശ്രീ.കെ. കൃഷ്ണകുമാർ എതിർകക്ഷികൾക്ക് നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 3–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

bnk